പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2273 16.8.2017 -ൽ മറുപടിയ്ക്ക്

## ഓണത്തെ വരവേല്ലാൻ പരിപാടികൾ

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | ഓണത്തെ വരവേല്ലാൻ ടൂറിസം വകുപ്പിന്റെ കീഴിൽ എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | എ) | ഓണാഘോഷം 2017 ന് വേണ്ടി സർക്കാർ മുൻ വർഷങ്ങളിലെ പോലെ വിപുലമായ പരിപാടികൾ സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.<br>സംസ്ഥാനതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ടൂറിസം ഡിപ്പാർട്ടുമെന്റ് നേരിട്ടും ജില്ലാതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് അതത് ജില്ലാ കളക്ടർ തലവനായ ഡി.റ്റി.പി.സി കളുമാണ്.<br>സംസ്ഥാനതല ആഘോഷങ്ങൾ സെപ്റ്റംബർ 3-ാം തിയ്യതി വൈകുന്നേരം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. തുടർന്ന് സെപ്റ്റംബർ 4 മുതൽ 9 വരെയുള്ള തിയ്യതികളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 30 ഓളം വേദികളിൽ വിവിധ കലാപരിപാടികൾ അരങ്ങേറുന്നതാണ്. 9-ാം തിയ്യതിയിലുള്ള സമാപനം മുൻവർഷങ്ങളിലേത് പോലെ കേരളത്തിലെ സർക്കാർ, അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, സ്വകാര്യ മേഖലകൾ ചേർന്ന് വിപുലമായ ഘോഷയാത്രയോടുകൂടി സമാപിക്കുന്നതാണ്. |
| ബി) | കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ പായസമേള നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി | ഉണ്ട്, കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ വിവിധയിനം പായസങ്ങൾ ഉൾപ്പെടുത്തിയുള്ള പായസമേള കെ.ടി.ഡി.സി.യുടെ 20 യൂണിറ്റുകളിലും, ഓണസദ്യ 22 യൂണിറ്റുകളിലും ആഗസ്റ്റ് മാസം 29 മുതൽ സെപ്റ്റംബർ 4 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | കെ.ടി.ഡി.സി. ബ്രാൻഡിൽ ഓണസദ്യക്കാവശ്യമായ വിഭവങ്ങൾ വിപണിയിലെത്തിക്കുമോയെന്ന് വെളിപ്പെടുത്താമോ? | സി) | ഉപ്പേരി, ഏത്തയ്ക്ക വറുത്തത് തുടങ്ങിയവ കെ.റ്റി.ഡി.സി യുടെ ബ്രാൻഡിൽ വിപണിയിലെത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ